LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

115 (2324) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച കാടുകുറ്റി പഞ്ചായത്തിലെ പതിയംകുളം സംരക്ഷണം നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാടുകുറ്റി പഞ്ചായത്തിലെ പതിയംകുളം സംരക്ഷണം സംബന്ധിച്ച പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

116 (2325) ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആകെ എത്ര പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ആകെ എത്ര കുളങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇവ മുഴുവൻ നവീകരിക്കാൻ പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പൂർത്തീകരിച്ച കുളങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചുവടെ ചേർക്കുന്നു.*

(സി) സംസ്ഥാനത്ത് ആകെ 40,624 പൊതു ജലാശയങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കുന്നതിനായി ജലസേചന വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി
2. 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെയുള്ള നവീകരണം
3. സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള പദ്ധതികൾ
4. നബാർഡിന്റെ ധന സഹായത്തോടെയുള്ള കുളങ്ങളുടെ നവീകരണം.
5. കേന്ദ്ര സർക്കാരിന്റെ RRR എന്ന പദ്ധതി

കേന്ദ്ര സർക്കാരിന്റെ RRR എന്ന പദ്ധതിയുടെ ധന സഹായം ഉപയോഗപ്പെടുത്തുന്നതിനായി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംസ്ഥാനത്ത് അനുയോജ്യമല്ലാത്തതിനാൽ അവ മാറ്റുന്നതിനായുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

.117 (2326) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻവഴി നടപ്പിലാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി കുളങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഒരു കുളത്തിന്റെ നവീകരണത്തിന് പരമാവധി എത്ര രൂപ വരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതുവഴി മഴക്കാലത്ത് ലഭ്യമാകുന്ന അധിക ജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതരണം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിക്കായി 2012-2013 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly